(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ ഒരു എൻജിനീയറിംഗ് വിംഗ്

* 166 [179] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും-സാമൂഹ്യ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ നടത്തപ്പെടുന്ന മരാമത്ത് പണികൾ കാര്യക്ഷമമായും, വേഗതയിലും നടത്തുന്നതിനുവേണ്ടി ഒരു എൻജിനീയറിംഗ്വിംഗ് രൂപീകരിക്കണമെന്ന നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ബി. ഡി. സി.-കൾ ഇതിനുവേണ്ടി പാസ്സാക്കിയ പ്രമേയങ്ങളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ഹരിജനക്ഷേമ–സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

റോഡ് മെയിൻറനൻസ്

* 167 [180] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി. ആർ. ശിവൻ:

,, എൻ. വാസുദേവൻ പിള്ള:

,, എം. വി. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും മൺസൂൺ ആരംഭിക്കുന്നതിനു മുൻപ് റോഡ് മെയിൻറനൻസ് നടത്തിയിട്ടില്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം മെയിൻറനൻസ് നടക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സബ് ഡിവിഷനിലും അഞ്ചും പത്തും അതിൽ കൂടുതലും ജോലികൾ ഓരോ കോൺട്രാക്ടറെതന്നെ ഏല്പിക്കുന്നതുകൊണ്ട് നിശ്ചിത സമയത്ത് ജോലി പൂർത്തിയാകുന്നില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനൊരു മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ, ബി) പല റോഡുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ടാറിന്റെ അഭാവംമൂലം പണി മുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly